# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2020

06.02.2019 ൽ മറുപടിക്ക്

## കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ. ദാസൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 2018 ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ ശരാശരി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) കേസുകളുടെ ശരാശരി 1066.56 ആണ്. |
| (ബി) കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ 2018 ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള ആദ്യത്തെ പത്ത് സ്റ്റേഷനുകളുടെ പേരും എണ്ണവും വ്യക്തമാക്കാമോ; | (ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കൊയിലാണ്ടി പോലീസ് സ്റ്റേഷന്റെഅധികാര പരിധി (ചതുരശ്ര കി.മീറ്ററിൽ) എത്രയെന്ന് വ്യക്തമാക്കാമോ; | (സി) 153.5 ചതുരശ്ര കി.മീറ്റർ |
| (ഡി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾക്ക് തുടക്കമായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന നിവേദനം സർക്കാർ പരിശോധിക്കുകയും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം നിർണ്ണയിക്കുന്നത് സംബന്ധിച്ച് നടത്തിവരുന്നവർക്ക് സ്റ്റഡി പൂർത്തിയായ ശേഷം കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിക്കുന്ന വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് 11.06.2015 ലെ 102308/ഇ 1/2014/ആഭ്യന്തരം കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു.<br>എന്നാൽ ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| KOZHIKODE CITY | | |
|---|---|---|
| Sl.No | Police Station | Total No.FIR/2018 |
| 1 | City Traffic | 1718 |
| 2 | Nadakkavu | 916 |
| 3 | Kundhamangalam | 827 |
| 4 | Medical College | 795 |
| 5 | Nallalam | 772 |
| 6 | Kasaba | 721 |
| 7 | Alathoor | 710 |
| 8 | Farook | 628 |
| 9 | Chevayoor | 628 |
| 10 | Town PS | 620 |

| KOZHIKODE RURAL | | |
|---|---|---|
| Sl.No | Police Station | Total No.FIR/2018 |
| 1 | Vadakara | 1200 |
| 2 | Koilandy | 919 |
| 3 | Tamarassery | 796 |
| 4 | Perambra | 775 |
| 5 | Mukkam | 692 |
| 6 | Balussery | 650 |
| 7 | Payyoli | 607 |
| 8 | Nadaapuram | 577 |
| 9 | Koduvally | 526 |
| 10 | Thottilppalam | 482 |

സെക്ഷൻ ഓഫീസർ